**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.11.2016 ലെ റ്റി.എ നം. 94/2015 ഉത്തരവ് പാലിച്ച് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ദിവസവേതന വ്യവസ്ഥയിൽ പാർട്ട്ടൈം സ്വീപ്പറായി ജോലിനോക്കിയിരുന്ന ശ്രീമതി. എം. നബീസയെ പ്രസ്തുത ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ക്രമവല്ക്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.5/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 18/01/2018**

---

പരാമർശം : 1. 25.11.2005 ലെ സ.ഉ(പി) നം. 501/2005/ധന ഉത്തരവ്.

2. സ.ഉ (സാധാ) നം. 854/2012/തസ്വഭവ, തീയതി 22.03.2012
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.11.2016 ലെ റ്റി.എ നം. 94/2015 ഉത്തരവ്
4. ശ്രീമതി. എം. നബീസയുടെ 17.3.2012 ലെ അപേക്ഷ.
5. പഞ്ചായത്തു ഡയറക്ടറുടെ 10.01.2017 ലെ ഇ 9-10640/12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ദിവസവേതന വ്യവസ്ഥയിൽ പാർട്ട്ടൈം സ്വീപ്പറായി ശ്രീമതി. എം. നബീസയെ 22.06.2006 മുതൽ 19.08.2006 വരെയും 25.10.2006 മുതൽ 31.12.2006 വരെയും ദിവസവേതനാടിസ്ഥാനത്തിൽ ജോലിയ്ക്ക് നിയോഗിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരവേ ശ്രീമതി. നബീസ തന്റെ സേവനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യൂ.പി (സി) 1364/2007 നമ്പരായി ഹർജി ഫയൽ ചെയ്യുകയും ടി ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12.01.2007 മുതൽ ശ്രീമതി. നബീസ ടി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിനോക്കിവരികയുമായിരുന്നു. പ്രസ്തുത കേസിലെ ബഹു. കേരള ഹൈക്കോടതിയുടെ 28.11.2011 ലെ വിധിന്യായത്തിൽ പരാതിക്കാരിയുടെ ആവശ്യം പരിഗണിച്ച് തുടർനടപടി സ്വീകരിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചതിനെ തുടർന്ന് സർക്കാർ പരാതിക്കാരിയുടെ ആവശ്യം പരിഗണിക്കുകയും 25.11.2005 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ച് ജോലിയിൽ തുടർന്നുവരുന്ന പാർട്ട്ടൈം സ്വീപ്പർമാരെ മാത്രമേ സ്ഥിരപ്പെടുത്തലിന് പരിഗണിക്കാനാകൂ എന്ന വ്യവസ്ഥ നിലവിലുണ്ടായിരുന്നതിനാൽ 22.06.2006 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്ന ശ്രീമതി. നബീസയുടെ ആവശ്യം നിരസിച്ച് പരാമർശം (2) പ്രകാരം

സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് റദ്ദാക്കണമെന്നും തന്റെ സേവനം ക്രമപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ശ്രീമതി. നബീസ ഡബ്ല്യൂ.പി (സി) 9888/2012 നമ്പരായി ബഹു. കേരള ഹൈക്കോടതിയിൽ വീണ്ടും ഹർജി ഫയൽ ചെയ്യുകയും ടി ഹർജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേയ്ക്ക് റ്റി.എ 94/2015 നമ്പരായി ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു. പ്രസ്തുത ഹർജിയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ലെ ഉത്തരവിൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം അപേക്ഷകയ്ക്ക് ക്രമപ്പെടുത്തലിന് അർഹതയുണ്ടെന്നും ആയതിനാൽ ടിയാളുടെ നിയമനം ക്രമപ്പെടുത്തണമെന്നയാവശ്യം നിരസിച്ചുകൊണ്ടുള്ള പരാമർശം (2) ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ അപേക്ഷകയെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുവാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ശ്രീമതി. എം.നബീസയുടെ സേവനം ക്രമവൽക്കരിക്കുന്നതിനായി ടിയാളുടെ പരാമർശം (4) ലെ അപേക്ഷയും അനുബന്ധ രേഖകളും പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ദിവസവേതന വ്യവസ്ഥയിൽ പാർട്ട്ടൈം സ്വീപ്പറായി ജോലിനോക്കി വരുന്ന ശ്രീമതി. എം. നബീസയെ, ഒരു പ്രതേക കേസായി പരിഗണിച്ച്, പ്രസ്തുത ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ, ബഹു. കേരളാ ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ തുടർച്ചയായി ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന തീയതിയായ 12/01/2007 മുതൽ പ്രാബല്യത്തിൽ ക്രമവല്ക്കരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (3) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ജില്ല.

ശ്രീമതി.എം.നബീസ,സ്വീപ്പർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, പത്തനംതിട്ട.

(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-4/67/2017/Fin. തീയതി 02.09.2017,29.12.2017 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/194/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ